

ഉച്ചാരണം നന്നാവാൻ

ഡോ. വി.ആർ. പ്രബോധചന്ദ്രൻ

ഭാഷാശുദ്ധിയാണ് നല്ല
ഉച്ചാരണത്തിന്റെ അടിസ്ഥാനം.
ഭാഷയുടെ ആത്മാവ്
തിരിച്ചറിഞ്ഞവർക്കേ
ഒരപശബ്ദം പോലുമില്ലാതെ
ഉച്ചാരണം ഒരുകലയാക്കി
മാറ്റാൻ കഴിയൂ. ഉച്ചാരണം
മികവുറ്റതാക്കുന്നതിനെ
ക്കുറിച്ചുള്ള ഈ പുസ്തകം
ഭാഷയ്ക്ക് ഒരു മുതൽക്കൂട്ടാണ്.

സിൽ: 4578
വില: ₹ 50/-
ISBN 978-81-200-4578-1
കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

ഉച്ചാരണം നന്നാവാൻ

ഡോ. വി.ആർ. പ്രബോധചന്ദ്രൻ

257

2050

LIBRARY
Thiruvazhamkunnu-673

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 2050 .... Call No. ....

This book should be returned on or before the date last given below.

Malayalam
Uchaaranam Nannaavaan

By
Dr. V.R. Prabodhachandran

First Published : October, 2001
Fourth Edition : February 2019

Reset at : SIL - DTP Section
Thiruvananthapuram - 695 003

Printed at
Vijnanamudranam Press, Nalanda,
Thiruvananthapuram - 695 003

Published by
The State Institute of Languages, Kerala,
Thiruvananthapuram - 695 003

© The State Institute of Languages, Kerala,
Thiruvananthapuram, 2001

☎ 0471-2316306, 2314768

Copies : 1000

SIL/4578 ISBN 978-81- 200-4578-1

Published by the State Institute of Languages, Kerala, Thiruvananthapuram, under the centrally sponsored scheme for production of text books and literature in regional languages, at the University level of the Government of India, Ministry of Human Resource Development, New Delhi.

Price : Rs. 50/-

ഉച്ചാരണം നന്നാവാൻ

(നാലാം പതിപ്പ്)

ഡോ. വി.ആർ. പ്രബോധചന്ദ്രൻ

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
തിരുവനന്തപുരം

ജനറൽ എഡിറ്റർ	:	പ്രൊഫ. വി. കാർത്തികേയൻ നായർ
എഡിറ്റർ	:	ഡോ. ഷീജ ഒ.കെ.
കവർ	:	ബിയോണ്ട് പബ്ലിഷേഴ്സ്
General Editor	:	Prof. V. Karthikeyan Nair
Editor	:	Dr. Sheeja O.K.
Cover	:	Beyond Publishers

ആമുഖം

മലയാളഭാഷ കൈകാര്യം ചെയ്യുമ്പോൾ വിദ്യാസമ്പന്നരായ ആളുകൾ പോലും പല വാക്കുകളും തെറ്റായി ഉച്ചരിക്കുന്നതായി കണ്ടുവരുന്നു. എന്നാൽ, ആംഗലേയഭാഷ കൈകാര്യം ചെയ്യുമ്പോൾ ഉച്ചാരണത്തിനും വ്യാകരണത്തിനുമെല്ലാം ആവശ്യത്തിലധികം ശ്രദ്ധ കൊടുക്കുന്നതും കാണാം. നമ്മുടെ മാതൃഭാഷ ശ്രേഷ്ഠഭാഷാപദവിയിൽ എത്തിച്ചേർന്നിരിക്കുന്ന സവിശേഷസാഹചര്യത്തിൽ, വാക്കുകൾ പിഴവില്ലാതെ ഉച്ചരിക്കാൻ ബാല്യം മുതലേ പരിശീലിക്കേണ്ടതും പരിശീലിപ്പിക്കേണ്ടതും അനിവാര്യമാണ്. ആ ഉദ്യമത്തിനു സഹായകമാകുന്ന തരത്തിലാണ് പ്രശസ്ത ഭാഷാപണ്ഡിതനായ ഡോ. വി.ആർ. പ്രബോധചന്ദ്രൻ *ഉച്ചാരണം നന്നാവാൻ* എന്ന പുസ്തകം തയാറാക്കിയിട്ടുള്ളത്. പ്രാഥമികതലം മുതൽ തന്നെ വിദ്യാർഥികൾക്കും അധ്യാപകർക്കും വളരെ പ്രയോജനപ്രദമായ ഈ ഗ്രന്ഥം, ഭാഷാകുതുകികളായ സാമാന്യവായനക്കാർക്കും ഉപയോഗപ്രദമായിരിക്കുമെന്നത് നിസ്തർക്കമായ വസ്തുതയാണ്.

ഉച്ചാരണാവയവങ്ങളുടെ ധർമം, വ്യഞ്ജനങ്ങളുടെയും സ്വരങ്ങളുടെയും വർഗീകരണം, നാമകരണം, ഉച്ചാരണവും എഴുത്തും തമ്മിലുള്ള ബന്ധം, പ്രായോഗിക അഭ്യാസങ്ങൾ എന്നിവ പ്രതിപാദനവിഷയമാക്കി ശാസ്ത്രീയമായി അവതരിപ്പിച്ചിരിക്കുന്ന ഈ പുസ്തകത്തിന്റെ നാലാം പതിപ്പ് ഞങ്ങൾ സാഭിമാനം വായനക്കാർക്ക് നൽകുന്നു.

തിരുവനന്തപുരം
ഫെബ്രുവരി 2019

പ്രൊഫ. വി. കാർത്തികേയൻ നായർ
ഡോ. ഷീജ ഒ.കെ.

ഈ പുസ്തകം രചിക്കുമ്പോൾ ഗ്രന്ഥകാരന്റെ മനസ്സിലുണ്ടായിരുന്നത് ഏറ്റവും താഴ്ന്ന തലങ്ങളിൽ മലയാളം പഠിപ്പിക്കുന്ന അധ്യാപകരും സമസ്ത തലങ്ങളിലും ഭാഷയെക്കുറിച്ചു പഠനഗവേഷണങ്ങൾ നടത്തുന്ന വിദഗ്ധരും ഇലക്ട്രോണികവും അല്ലാത്തതുമായ എല്ലാ മാധ്യമങ്ങളുടെയും രംഗങ്ങളിൽ പ്രവർത്തിക്കുന്ന ഭാഷാകുതുകികളും മാത്രമല്ല സാമാന്യ വായനക്കാരുമാണ്. അവരിൽ ചിലർക്കെങ്കിലും വല്ലവിധത്തിലും ഇതു പ്രയോജനപ്പെട്ടാൽ ഗ്രന്ഥകാരൻ ചരിതാർഥനായി. പ്രതിപാദനം ശാസ്ത്രീയമെങ്കിലും സങ്കേതജടിലമാവാതെ ആവതും ലളിതമാക്കാൻ പരമാവധി ശ്രമിച്ചിട്ടുണ്ട്; ആകാവുന്നതിലേറെ ലളിതമാക്കാൻ നോക്കിയിട്ടുമില്ല-മിഥ്യാലാളിത്യം മിഥ്യാ ഗൗരവത്തിന്റെ മറുകണ്ടംചാടലായിപ്പോകുമല്ലോ.

വാമൊഴിയുടെ ജീവൻ പലതരം ഈണങ്ങളുടെ ആകെത്തുകയായ അനുതാനത്തോടു (Intonation) കെട്ടുപെട്ടുകിടക്കുന്നു എന്നോർക്കായ്കയല്ല; ആ വിഷയംകൂടി ചർച്ചയ്ക്കെടുത്താൽ പുസ്തകത്തിന്റെ വലുപ്പവും വിലയും സങ്കീർണതയും വളരെ വർധിക്കുമെന്നതിനാൽ അത് മറ്റൊരിക്കലേക്കു മാറ്റിവയ്ക്കുന്നു എന്നുമാത്രം.

സ്വനവിജ്ഞാനത്തിലെയും വർണവിജ്ഞാനത്തിലെയും (Phonetics, Phonology) സാങ്കേതിക സംജ്ഞകൾ പ്രയോഗിക്കേണ്ടി വന്നിട്ടുള്ളപ്പോഴെല്ലാം അവയുടെ അർഥം അൽപ്പമൊന്നു വിളക്കിക്കാട്ടാനും ശ്രമിച്ചിട്ടുണ്ട്. കൂടുതൽ വിവരങ്ങൾ *സ്വനവിജ്ഞാനം* എന്ന പുസ്തകത്തിൽ ലഭ്യമാണ്. ഉച്ചാരണം നന്നാവുന്നതെന്തിന് എന്ന മൗലികപ്രശ്നം *മലയാളം മലയാളിയോളം* എന്ന പുസ്തകത്തിൽ കൈകാര്യം ചെയ്തിട്ടുള്ളതിനാൽ ഇവിടെ അവതരിപ്പിച്ചിട്ടില്ല.

സ്കൂൾ ഒഫ് ലെറ്റേഴ്സ്, **ഡോ. വി.ആർ. പ്രബോധചന്ദ്രൻ**
മഹാത്മാഗാന്ധി സർവകലാശാല

ഉള്ളടക്കം

		പുറം
1.	**സ്വനങ്ങളുടെ പിറവി** ഉച്ചാരണാവയവങ്ങൾ-സ്വനപാളികൾ, മൂക്ക്, നാക്ക്, ചുണ്ടുകൾ ഇവയുടെ ധർമം-വ്യഞ്ജനവും സ്വരവും-ആക്ഷരിക വ്യഞ്ജനങ്ങൾ-ദ്വിസ്വരദാരിദ്ര്യം-മഹാപ്രാണങ്ങൾ-മലയാളം പറയേണ്ടരീതി.	1 - 12
2.	**തരംതിരിവും പേരിടലും** പട്ടികപ്പെടുത്തിയ സ്വരവ്യഞ്ജനങ്ങൾ-ആറു ചോദ്യങ്ങൾ-ഓരോ സ്വനത്തോടും ബന്ധപ്പെടുത്താവുന്ന സ്വനനാളസ്ഥിതി-നാസികൃത, ഓഷ്ഠ്യത, താലവ്യത, മൃദുതാലവ്യത.	13 - 26
3.	**ഉച്ചാരണവും എഴുത്തും** ഒരേ ചിഹ്നം : രണ്ടുച്ചാരണം-പല ചിഹ്നങ്ങൾ : ഒരേ ഉച്ചാരണം-മാനകീകരണത്തിന്റെ വിവിധമാനങ്ങൾ-മാനകലിപി-അക്ഷരമാല-സ്വരങ്ങൾ തമ്മിലുള്ള വ്യത്യയം-ഹ്രസ്വദീർഘഭേദം സ്വരങ്ങളിൽ-സ്വരവിതരണം-വ്യഞ്ജനവിതരണം-വ്യഞ്ജനങ്ങളുടെ ഇരട്ടിപ്പ്-കടുപ്പത്തിന്റെ വകഭേദങ്ങൾ-റ എന്ന ചിഹ്നത്തിന്റെ ഉച്ചാരണമൂല്യഭേദം-കൂട്ടക്ഷരങ്ങൾ	27 - 63
4.	**ഉച്ചാരണം നന്നാവാൻ** സ്വയം ബോധ്യപ്പെടൽ - സന്ദർഭ പ്രസക്തി	64 - 68
	സൂചിക	69 - 70